# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2555 — 27.01.2014 ൽ മറുപടിക്ക്

**അങ്കമാലി ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി സർക്കാർ ആശുപത്രിയെ 07.02.2011 –ലെ സർക്കാർ ഉത്തരവ് പ്രകാരം താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടും നാളിതുവരെ താലൂക്ക് ആശുപത്രിയായി പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനുള്ള കാരണം വിശദമാക്കാമോ ; | (എ) അങ്കമാലി താലൂക്ക് ആശുപത്രിയിലെ ലാബ് സൗകര്യം വിപുലീകരിക്കുകയും എം.എൽ.എ ഫണ്ടിൽ നിന്നും ഒരു Fully Automatic Analyser സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രിയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടന്നു വരികയാണ്. ഓപ്പറേഷൻ തീയേറ്റർ നവീകരിക്കുന്നതിന് NRHM ഫണ്ടിൽ നിന്നും 20 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാണ്. |
| (ബി) പ്രസ്തുത ആശുപത്രിയെ താലൂക്ക് ആശുപത്രിയായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ? | (ബി) പ്രസ്തുത ആവശ്യം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ